## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2147

05-12-2018 ൽ മറുപടിയ്ക്ക്

## നേര്യമംഗലത്തെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ആന്റണി ജോൺ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത സ്ഥലം കോതമംഗല നിലയത്തിൽ നിന്നും 20കി.മീ ഉം കല്ലൂർകാട് നിലയത്തിൽ നിന്നും 25കി.മീ ഉം ഇടുക്കി നിലയത്തിൽ നിന്നും 47കി.മീ ഉം മൂന്നാർ നിലയത്തിൽ നിന്നും 63കി.മീ ഉം ദൂരത്തിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) നിരവധി വ്യവസായ സ്ഥാപനങ്ങൾ, ഫാക്ടറികൾ, കെ.എസ്.ഇ.ബി, ലോവർപെരിയാർ ഡാം, കരിമണൽ പവർ ഹൗസ് തുടങ്ങിയവ പ്രസ്തുത സ്ഥലത്തിനടുത്ത് സ്ഥിതി ചെയ്യുന്നതും പ്രസ്തുത മേഖലയിൽ തുടർച്ചയായി മണ്ണിടിച്ചിലും ഉരുൾപൊട്ടലും സമീപ മേഖലകളിൽ കാട്ടുതീയും ഉണ്ടാകുന്ന സാഹചര്യത്തിലും നിലനിൽക്കുന്ന നേര്യമംഗലത്ത് ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ? | സി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ പ്രസ്തുത സ്ഥലത്തിന്റെ പ്രാധാന്യം പരിഗണിച്ച് നേര്യമംഗലം ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ